# Wonders at finger tips



## വിദ്യാലയ ഗീതം.........

ഈശ്വരചിന്തയിൽ വളരാം
ഞാനെന്ന ഭാവങ്ങൾ വെടിയാം
എളിമതൻ ചിന്തയിൽ വസിക്കാം
നാം വലിയവരായിടുമുലകിൽ (2)





കളിയായയപ്പോലുമനമ്മൾപൊളിവാ
ക്കു പറയരുതാരും(2)
അന്യരെ നിന്ദിച്ചു രസിക്കാൻ
തുനിയരുതാരുമേ നമ്മൾ
ഒരിക്കലും തുനിയരുതാരുമേ നമ്മൾ
(ഈശ്വര.....)



ഗുരുഭൂതർ ചൊല്ലുന്നതെന്തും
അനുസരിച്ചനുദിനം പഠിക്കാം
അവരുടെ അനുഗ്രഹമല്ലോ എന്നുംഭാവിതൻ
ഭാസുരവിജയംനമ്മുടെ ഭാവിതൻ ഭാസുരവിജയം (ഈശ്വര.....)

**ജി.എച്ച്.എസ്.എസ് രാജാക്കാട് സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഈ എളിയശ്രമം നിങ്ങളുടെ ഏവരുടെയും അനുഗ്രഹാശിസ്സുകൾക്കായി സാദരം സമർപ്പിക്കുന്നു.** **(ലിറ്റിൽ കൈറ്റസ് അംഗംങ്ങൾ)**

## അണിയറയിൽ..................








# Wonders at finger tips

**ലിറ്റിൽ കൈറ്റ് സ് കുട്ടികളേ,**

നിങ്ങളുടെ 2018-2020 വർഷത്തെ സംരംഭമായ " WONDERS AT FINGER TIPS” ന്

എല്ലാവിധ ആശംസകളും നേരുന്നു........



**ഹെഡ്മിസ്ട്രസ്**

**അംബികാ എ.ജി**

## ഉള്ളടക്കം

........................................................................................................................................1
"എന്റെ ആത്മവിദ്യാലയമേ...”...............................................................................................2
വാക്കുകൾ സർഗതാളങ്ങൾ....................................................................................................5
അയ്യൻകാളിയുടെ ചരിത്രവഴികൾ(വായനാക്കുറിപ്പ്).........................................................................6
ചിന്തിക്കാം പ്രവർത്തിക്കാം.................................................................................................10
ആപ്പൂരിയ കുരങ്ങൻ...........................................................................................................11
പൂക്കളൊക്കെയും വാക്കുകളാകുമ്പൾ......................................................................................12
*മഴ*...........................................................................................................................14
വികൃതിയായ ബാലൻ.........................................................................................................15
സൂര്യനമൂണ്ടേ സൗന്ദര്യം.................!!!...........................................................................17
(യാത്രാകുറിപ്പ്)................................................................................................................17
ജീവിതം ഒരു പ്രാർത്ഥന.....................................................................................................19

# "എന്റെ ആത്മവിദ്യാലയമേ......."


പൂമരം എന്നുപറയുമ്പോൾ ഞങ്ങളുടെ മനസ്സിൽ ഓടിയെത്തുന്നത് ഞങ്ങളുടെ പ്രിയപ്പെട്ട രാജാക്കാട് സ്ക്കൂളാണ് .




സൗഹൃദത്തിന്റെയും, സ്നേഹത്തി

ന്റെയും ,മധുരമുള്ള അനുഭവങ്ങളും
,വഴക്ക്പറച്ചിലിന്റെയും,അടിയുടെയും ,
പരീക്ഷയുടെയും,കൈപ്പൻഅനുഭവങ്ങളും,
പകർന്നു തരുന്ന വിദ്യാലയങ്ങളിൽ
ഒന്നാണ് എന്റെ സ്ക്രൂളും.1500 ലധികം
കുട്ടികൾ പഠിക്കുന്ന വിദ്യാലയമെന്ന-
നിലയിൽ ഞങ്ങളുടെ നല്ല
ഭാവിക്കുവേണ്ട പ്രവർത്തിക്കുന്ന
എസ്.പീ.സി,എൻ.സീ.സി,ജെ.ആർ.സി,
ലിറ്റിൽ കൈറ്റ്,തുടങ്ങി സാമൂഹ്യസേവന-
ത്തിനായി പ്രവർത്തിക്കുന്നിവ സ്കൂളി-
ന്റെ നിലവാരം ഉയർത്തുന്നു.


കഴിവുള്ളവർക്ക് അവരുടെ കഴിവ് അവതരിപിക്കാൻപറ്റുന്നവേദിയുമാണ്. കല,കായിക,സാഹിത്യ,രംഗങ്ങളിലും ഉന്നതവിജയം നേടിയട്ടുണ്ട് രാജാക്കാട്




സ്ക്കൂൾ.അറിവിന്റെ കേന്ദ്രമായ പുസ്തകങ്ങൾ അണിനിരക്കുന്ന ലൈബ്രറിയുടെ വളരെ വലിയ സമാഹാരം സ്ക്കൂളിനുണ്ട്.

ഡിജിറ്റൽ ക്ലാസുകൾ ഞങ്ങളുടെ വിദ്യാഭാസത്തിനെ ഏറേ സഹായിക്കുന്നു.രാജാക്കാട് സ്‌കൂൾ എന്നും ഒരുമാതൃകസ്‌കൂളാണ്.ഇതെല്ലാം കൊണ്ടാണ് ഞാൻ ,അല്ല ഞങ്ങൾ ഈ വിദ്യാലയം **"ആത്മവിദ്യാലയമായി** " പറയുന്നത്.

***-നെഹ്മ ജുനൈബ്***



## എന്റെ നാട് ചെറുപുറം

ഏകദേശം 71 വർഷങ്ങൾക്ക് മുമ്പ് അതായത് 1948-ൽ ഒരു കുടുംബം പാലായിൽ നിന്നും ഇവിടെയെത്തി അന്ന് ഈ സ്ഥലം അറിയപ്പെട്ടിരുന്നത് വലിയകണ്ടം എന്നാണ് . ജനവാസം നന്നെ കുറവുള്ള ഒരിടമായിരുന്നു അന്ന്.ചെറുപ്പുറത്ത് എന്ന് വീട്ടു പേരുള്ള ഒരു കുടുബംമാണ് ആദ്യമായി ഇവിടെയെത്തിയത്.

അവർ ഇവിടുത്തെ സ്ഥലങ്ങൾ വെട്ടിപ്പിടിച്ചു.പണമുള്ളവർ ആയതുകൊണ്ട് തന്നെ ഒരുപാട് പേര് ഇവിടെ ജോലിചെയ്തിരുന്നു .പണത്തിന്റെ ആവശ്യത്തിനും ,ജോലിക്കും മറ്റും ഒരുപാട് പേര് ചെറുപ്പുറത്തെ കുടുംബത്തെ ആശ്രയിച്ചിരുന്നു, അങ്ങനെ ചെറുപ്പുറത്ത് കുടുംബം എല്ലാവരും അറിയുന്ന കുടുംബമായി.
ചെറുപ്പുറത്ത് എന്ന വീട്ടുപേര് പിന്നീട് ചെറുപ്പുറം എന്ന സ്ഥലപ്പേരായി .അബ്രഹാം എന്ന പേരുള്ള ചെറുപ്പുറത്ത് കുടുംബത്തിന്റെ നാഥൻ മരിച്ചുപോയെങ്കിലും ഇപ്പോഴും അദ്ദേഹത്തിന്റെ മക്കളും മരുമക്കളും കൊച്ചുമക്കളുമെല്ലാം ഇവിടെ താമസിക്കുന്നു.

ആനകളെയും വന്യജീവികളെയും ഭയന്ന് ജീവിച്ചിരുന്ന ആ പഴയ

മനുഷ്യർക്ക് ജീവിതത്തിലേക്കുള്ള  ഒരു പുതിയ
ഉണർവായിരുന്നു.ചെറുപ്പുറത്ത് കുടുംബത്തിന്റെ  വരവ്.
അവർ അവരുടെ സ്വന്തം കഴിവിനാൽ  ഇതൊരു സ്ഥലമാക്കി
മാറ്റി.ഒരുപാടുപ്പേർ ഇപ്പോഴും ഇപ്പോഴും
ഇവിടെ ജീവിക്കുന്നു.ചെറുപ്പുറത്ത് കുടുംബം കൂടാതെ കൂടാതെ അന്ന്
ഇവിടെ ഉണ്ടായിരുന്നവരായിരുന്നു
കരിന്തേക്കാർ.മരങ്ങാട്ടുപ്പിള്ളിയിൽ നിന്ന് വന്നവരായതുകൊണ്ട്
പിന്നീട് ഇവരുടെ പേര് ഇങ്ങനെയായി.

ഓർക്കാൻ വലിയ കാര്യങ്ങൾ ഇല്ലെങ്കിലും
പറഞ്ഞറിയിക്കാൻ ഒരുപാട് കഥകളില്ലെങ്കിലുഇവിടെ
എന്നും‌ഒരുഅത്ഭുതമാണ്.മലയാളതനിമയാർന്ന്ജീവിക്കുന്ന
മനുഷ്യർ.കൃഷി ജീവിതവമായി തിരഞ്ഞെടുത്തവർ.
എല്ലാത്തിലുപരി സ്നേഹിക്കാൻ മാത്രം അറിയുന്നവർ.ഇതാണ്
എന്റെ നാട് .ഞാൻ
പിറന്ന നാട്.ഞാൻ ജീവിക്കുന്ന നാട്.എന്റെ സ്വന്തം നാട്.

"ചെറുപ്പുറം"

-

അമല തങ്കച്ചൻ

## വാക്കുകൾ സർഗതാളങ്ങൾ



ആ പ്രായത്തിലാണ്
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ലാ,
എവിടെ നിന്നാണ് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന
ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന
നദിയിൽനിന്നോഎങ്ങനെയാ,ണെപ്പോളാണെന്നുംഎനിക്കറിയില്ല...

**- പാബ്ളൊ നെരൂദ**



**അയ്യൻകാളിയുടെ ചരിത്രവഴികൾ(വായനാക്കുറിപ്പ്)**

കേരളീയ
നവോതത്ഥാനത്തിന്റെ സൂര്യതേജസ്സായ
അയ്യൻകാളിയുടെ സംഭവബഹുലമായ
ജീവിതം കുട്ടികൾക്ക് ഹൃദയത്തിലേറ്റ-
വാങ്ങുവാൻ കഴിയുന്ന തരത്തിൽ സരളമായി
പ്രതിപാദിക്കുന്ന പുസ്തകമാണ്
അയ്യൻകാളിയുടെ ചരിത്രവഴികൾ.
പി.കെ.അനിൽകുമാർ രചിച്ച ഈ പുസ്തകം
കേരളീയ നവോത്ഥാനത്തിന്റെ ചരിത്ര

പുസ്തകം ക്രൂടിയാണ്.
ബാലവേദിയിലെ ക്രൂട്ടുകാർക്ക് അപ്പുമാഷ് പറഞ്ഞുകൊടുക്കുന്ന കഥയുടെ ര്രൂപത്തിലാണ് ഈ , പുസ്തകം അവതരിപ്പി-ച്ചിട്ടുള്ളത്.നമ്മുടെ സംസ്ഥാനമായ കേരളത്തിൻ ഉയർന്ന ജീവിതവികസന സൂചിക, ആരോഗ്യനിലവാരം,തുടങ്ങി വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കുന്ന ജീവിതമാണ് ഇന്നുള്ളത്. എന്നാൽ ഇന്ന് കാണുന്ന നേട്ടങ്ങൾ കൈവരിച്ചതിനുപിന്നിൽ നിർണായക പങ്കുവഹിച്ചത് അയ്യങ്കാളിയെപ്പോലെയുള്ളർ നവോത്ഥാന നായകരാണ്.കേരളത്തെ കേരളമാക്കി മാറ്റിയ പ്രിക്രിയയാണ് നവോത്ഥാനം എന്ന് എനിക്ക് മനസ്സിലാക്കാൻ ഈ പുസ്തകം എന്നെ സഹായിച്ചു.
പണ്ടുകാലങ്ങളിൽ കേരള സമൂഹത്തിൽ നിലനിന്നിരുന്ന ജാതീയമായി വേർതിരിവുകളും അസ്തൃവും ദുരാചാരാങ്ങളും നീതിനിഷേധവും പ്രാകൃതാചാരങ്ങളും എന്നെ വല്ലാതെ രോഷാകുലനാക്കി. ഈ

ദുസ്ഥിതികൾക്കെതിരെ അയ്യൻകാളി നയിച്ച
വില്ലുവണ്ടിസമരം കല്ലുമാല സമരം മറ്റു പല
പ്രമുഖ സമരങ്ങളും ആവേശമുളവാക്കിയതാ-
യിരുന്നു.

എന്നാൽ അദ്ദേഹം
സ്വപ്നംകണ്ട കേരളം അത്ര എളുപ്പം
നേടിയെടുക്കാൻാവുനന്നതായിരുന്നില്ല.
1947 ജൂൺ 18ാം തിയതി 77ാം വയസ്സിൽ
അദ്ദേഹം നിര്യാതനായി.

നവോത്ഥാനം എന്നത്
തുടർപ്രക്രിയയാണ്.അയ്യൻകാളിയെ-
പോലുള്ള നവോത്ഥാന നായകർ സ്വപ്നം
കണ്ട മാനവികലോകത്തിന്റെ
പതാകവാഹകർ കുട്ടികളാണെന്ന്
അപ്പുമാഷ് പറഞ്ഞ് നിർത്തി.

-

**മുഹമ്മഹദ് നിഹാൽ**

**5 A**

# ചിന്തിക്കാം പ്രവർത്തിക്കാം



"മനസ്സിൽ ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ
ഇരുണ്ടതായി തോന്നുന്നു
മനസ്സിൽ വെളിച്ചമാണെങ്കിൽ
എല്ലായിടത്തും വെളിച്ചമുള്ളതായി
തോന്നും.............................."

## ആപ്പൂരിയ കരങ്ങൻ

ഒരിക്കൽ ഒരു കാട്ടിൽ കുട്ടികരങ്ങൻ-
മാരുണ്ടായിരുന്നു.
മഹാവികൃതികളായ
അവർഒരിക്കൽനാടുകാണാനിറങ്ങി.
കണ്ണിൽക്കണ്ടതെല്ലാംനശിപ്പിച്ച്
മുന്നേറിയ
അവർ ആശാരിമാരുടെ പണിപ്പുര
-
യിലെത്തി .ഉച്ചയൂണിന് ആശാരിമാർ
പോയ സമയമായിരുന്നു


അത്.വാനരന്മാർ അവിടെയുള്ള തടികളിലും ഭിത്തികളിലും ഒടിച്ചാടി നടന്നു. അവിടെ പണിപ്പുരയുടെ മധ്യത്തിലായി ഒരു വലിയ തടി പകുതി അറുത്ത് ആപ്പ് അടിച്ചു വച്ചിരിന്നു. അക്കൂട്ടത്തിൽനിന്നൊരു വികൃതി ആ തടിയിൽ കയറിയിരുന്ന് ആപ്പൂരാൻ ശ്രമിച്ചു.നടന്നില്ല,അവൻ വീണ്ടും മുറിഞ്ഞ തടികൾക്കിടയിലൂടെ വാൽ താഴേയ്ക്കിട്ട് നന്നായി ഇരിപ്പുറപ്പിച്ച ശേഷം ആപ്പ് ആഞ്ഞു-

വലിച്ചു.കഠിനമായ ശ്രമത്തിനൊടുവിൽ ആപ്പ് ഊരിമാറി.അകന്നുനിന്നിരുന്ന തടികൾ തമ്മി- ൽ കൂടിച്ചേർന്ന് അതിനിടയിലായിരുന്ന.
കുരങ്ങന്റെ വാലറ്റു രക്തം വാർന്ന് അവൻ മരിച്ചു.

കുട്ടുകാരേ നിങ്ങൾക്കീ
കൂട്ടുകാരന്റെ കഥയിൽ നിന്ന്
എന്തുമനസ്സിലായി ?

“ആവശ്യമില്ലാത്ത കാര്യങ്ങൾ
ശ്രദ്ധിച്ച്അതിലേയ്ക്ക്ഇറങ്ങി
തിരിക്കഅങ്ക്ലിബ 6 c

# പൂക്കളൊക്കെയും വാക്കുകളാകുമ്പൾ



ഒരു തള്ളക്കിളിയരുമക്കു
ഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ
പറന്നണയുന്നു,പെട്ടന്നവൾ
നടുങ്ങുന്നു !
അവളുടെ വിളി
മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു തോന്നുന്നു;
**നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു ?**
**-നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?**



***സുഗതകുമാരി***

# മഴ



മഴയെ മഴയെ വേഗം വാ
ഇന്നും നാളെയ വേഗം വാ
അമ്മ കാണാതെ നനഞ്ഞീടാം
ആശുപത്രിയിൽ പോയീടാം
കുത്തും കൊണ്ടിടാം
പൈസയും കളഞ്ഞീടാം



–

**അനൽട്ടോ ബാബു 9 b**

# വികൃതിയായ ബാലൻ

ഒരു ഗ്രാമത്തിൽ കൃഷ്ണൻ എന്ന ഒരു ബാലൻ ഉണ്ടായിരുന്നു.അവൻ അനുസരണമില്ലാത്തവനും ബഹുമാനമില്ലാത്തവനും മഹാ വികൃതിയുമായിരുന്നു. എന്നാൽ അവന്റെ കൊച്ചഛൻഒരു ധാനശീലനായിരുന്നു. ഒരിക്കൽ കൃഷ്ണന്റെ കൊച്ചഛൻ കൃഷ്ണനോട് പറഞ്ഞു മോനേ,നമ്മുടെ അടുത്തുള്ള ഒരു പശുവിനെ ചന്തയിൽ പോയി വിൽക്കണം.അതിനുശേഷം ആ പണം എന്നെ ഏൽപ്പിക്കണം. പണം എന്ന് കേട്ടപ്പോൾ അവൻ ചന്തയിൽ പോയി.ചന്തയിൽ ധാരാളം ഭക്ഷണസാധനങ്ങൾ കണ്ടു. അവൻ പശുവിനെ ഏറ്റവും ഉയർന്ന വിലക്ക് വിറ്റു.പശുവിനെ വിറ്റ കാശുകൊണ്ട് അവൻ വീട്ടിലേത്ത് നടന്നപ്പോൾ അവൻ കണ്ട ഒരു കടയിൽ മധുരമുള്ള ധാരാളം ലഡ്ഡുകൾ കണ്ടു.ഒരു ഭക്ഷണപ്രിയനായതുകൊണ്ട്


കൊച്ചച്ചന്റെ വാക്ക് കേൾക്കാതെ അവൻ പകുതി പൈസയ്ക്ക് ലഡ്ഡുവാങ്ങി.എന്നാൽ അവൻ തിരിച്ച് വീട്ടിൽ ചെന്നപ്പോൾ കൊച്ചച്ചൻ അവനെ കാത്തിരിക്കുന്നതുകണ്ടു.അപ്പോൾ അവൻ പേടിച്ചുകൊണ്ട് കൊച്ചച്ചന്റെ അടുക്കൽ ചെന്ന് അവനെ കണ്ടപ്പോൾ തന്നെ കൊച്ചച്ചൻ എഴുന്നേറ്റ് അവന്റെ അടുക്കൽ ചെന്ന് എന്നിട്ട് പൈസ ചോദിച്ചു.അപ്പോൾ അവൻ കരഞ്ഞുകൊണ്ട് പറഞ്ഞു:

"ഞാൻ പൈസ വെറുതെ കളഞ്ഞു.എന്നോട് ക്ഷമിക്കണം"

ഇതാണ് പറയുന്നത് , "**അനുസരണമില്ലായ്മ സങ്കടത്തിന് കാരണമാകും**".

-അനീഷ ജോസഫ്
8 C

# Wonders at finger tips



# Wonders at finger tips






# സൂര്യനമ്മുണ്ടേ സൗന്ദര്യം....................!!!

(യാത്രാകുറിപ്പ്)

ഞങ്ങൾ ഒരു ദിവസം മൂന്നാർ പോയപ്പോൾ സൂര്യസ്തമയം കണ്ടു.സൂര്യസ്തമയമെന്നാൽ ദിനംതോറും സൂര്യൻ പടിഞ്ഞാറേ ചക്രവാളത്തിൽ അപ്രത്യക്ഷമാകുന്ന പ്രതിഭാസം.ഭൂമിയുടെ സ്വയ ഭ്രമണം മൂലമാണ് സൂര്യസ്ത്മയം സംഭവിക്കുന്നത്.ചിത്രകാരികളുംസാഹിത്യകാരികളും തങ്ങളുടെ കലാസൃഷ്ടിക്കുള്ള പ്രചോദനമായി സൂര്യസ്തമയത്തെവിശേഷിപ്പിക്കാറുണ്ട്. സന്ധ്യ ഇളം മഞ്ഞപ്പുടവ അണിഞ്ഞു.ഞങ്ങൾ

നോക്കിയപ്പോൾ ആകാശം ഓറഞ്ചും,മഞ്ഞയും, നിറം.ഇളം കാറ്റ് ഞങ്ങളെ തഴുകിപ്പോയി. തിരമാലകളിലും തീരത്തെ മണൽപ്പരപ്പിലും അസ്തമയസൂര്യന്റെ പ്രകാശം.തട്ടിപ്രതിഫലിക്കുന്ന തിനാൽ സമുദ്രതീരങ്ങളിലെ അസ്തമയം

വളരെ മനോഹരമാണ്.എന്തൊരു മനോഹരമായ കാഴ്ചയായിരുന്നു അത്.ആ കാഴ്ചയ്ക്ക് സാക്ഷിയായതിനാൽ ഞാനഭിമാനിക്കുന്നു............................ ........................ -



ഹരിചന്ദന എ.എസ് 9A

## Wonders at finger tips





## ജീവിതം ഒരു പ്രാർത്ഥന(കഥാഭാഗം....)



ജീവിതത്തിൽ ഞാൻ വരുത്തിയ
ചില ഭരണപരിഷ്കാരങ്ങളെക്കുറിച്ചു
പറയാം.അതിലേറ്റവും പ്രധാനം
ഈ വീട്ടിലെ സഹായികളുമായുള്ള
ബന്ധംക്കൂടുതല്‌ദൃഢമാക്കിയതാണ്.
അന്നമ്മയുള്ള കാലത്ത് വീട്ടിലെ സഹായികളുമായി
അങ്ങനെയൊരു ബന്ധം ഞാൻ പുലർ
ത്തിയിരുന്നില്ല.അതിന്റെ.ആവശ്യം അന്നു
തോന്നിയിരുന്നുമില്ല.സമയത്ത് തീൻമേശയിൽ
പോയിരുന്നു ഭക്ഷണം കഴിക്കുക,ആ നേരത്ത് അവരോട്
എന്തെങ്കിലും ചോദിച്ചാലായി അത്രതന്നെ. അവരോട്
**"അന്നമ്മ കാണിച്ച
ഹൃദയബന്ധം അത്ര്യക്കും
ആഴമുള്ളതായതുകൊണ്ട് ഇനി എന്റെ ക്കൂടി
ആവശ്യമില്ലെന്ന് തോന്നി
കാണണം.........."**

നന്ദി.....